**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **24-02-2022 - ൽ മറുപടിയ്ക്ക്**

**പൊതുടാപ്പുകളുടെ ബിൽ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പൊതുടാപ്പുകൾക്ക് ഉയർന്ന തോതിലുള്ള ബിൽ കുടിശ്ശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നൽകിയിട്ടില്ല, എന്നാൽ പൊതുടാപ്പുകൾക്ക് ഗവൺമെന്റ് നിശ്ചയിച്ച വാട്ടർ ചാർജ് അടക്കണമെന്ന് കാണിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി നോട്ടീസുകൾ നൽകിവരുന്നു. |
| (ബി) | നിലവിൽ തദ്ദേശസ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാൻ ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | പൊതു ടാപ്പുകൾ വിഛേദിക്കാനുള്ള എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റിയിൽ അടക്കുന്ന മുറക്ക് വിച്ഛേദന നടപടികൾ പൂർത്തീകരിച്ച് വരുന്നുണ്ട്.കോവിഡ് വ്യാപനം മൂലം പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുന്നതിൽ ചെറിയ കാലതാമസം നേരിടുന്നുണ്ട്. |
| (സി) | പിറവം നിയോജകമണ്ഡലത്തിൽ മണീട് ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾക്ക് നൽകിയ ബിൽ കുടിശ്ശിക തുകയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മണീട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 08/09/2021-ൽ പഞ്ചായത്തു സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി അസ്സിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധനക്ക് ശേഷം നൽകിയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തു പരിധിയിൽ 317 ടാപ്പുകൾ ഉള്ളതിൽ 44 എണ്ണം നിലനിർത്തുന്നതിനും, 273 ടാപ്പുകളുടെ പരിധിയിൽ JJM വഴി വാട്ടർ കണക്ഷൻ (FHTC's) നൽകിയതിനാൽ 273ടാപ്പുകൾ ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ വിച്ഛേദന ചിലവിനായുള്ള 4.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തുവെങ്കിലും ടി തുക ഒടുക്കാത്തതിനാൽ പ്രവർത്തി ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതുമൂലം നിലവിൽ 317 ടാപ്പുകളുടെ ബില്ലാണ് പഞ്ചായത്തിന് നൽകിവരുന്നത്. |
| (ഡി) | പ്രസ്തുത പഞ്ചായത്തിലെ ഉപയോഗപ്രദമല്ലാത്ത ടാപ്പുകൾക്ക് ഈടാക്കിയിട്ടുള്ള ഡിമാന്റ് ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | വിച്ഛേദന തുക അടക്കുന്ന മുറക്ക് ടാപ്പുകൾ വിച്ഛേദിച്ചതിനു ശേഷം അവയുടെ വാട്ടർ ചാർജ് ഒഴിവാക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ